*കോഴിക്കോട്  താമരശ്ശേരിയിൽ വൻ കഞ്ചാവ് വേട്ട, കാറിൽ കടത്തിയ  55 കിലോ കഞ്ചാവുമായി രണ്ടുപേർ പിടിയിൽ.*
==========================================================



സംസ്ഥാനത്ത് ചില്ലറ വിൽപനയ്ക്കായി എത്തിച്ച 55 കിലോഗ്രാം കഞ്ചാവുമായി ഇടുക്കി അടിമാലി സ്വദേശി പട്ടംമാവടി ഷാജി(45), ഇടുക്കി രാജാക്കാട് സ്വദേശി സുനിൽ(47) എന്നിവരാണ് താമരശ്ശേരിയിൽ അടിവാരത്തുവെച്ച് പോലീസിന്റെ പിടിയിലായത്. താമരശ്ശേരി ഡിവൈഎസ്പി EP പൃഥ്വിരാജിന്റെ നേതൃത്വത്തിൽ താമരശ്ശേരി എസ്ഐ KA ഷറഫുദ്ദീനും ഡിവൈഎസ്പിയുടെ ക്രൈംസ്ക്വാഡ് അംഗങ്ങളും ചേർന്നാണ് പ്രതികളെ പിടികൂടിയത്. പ്രതികളിലൊരാളായ ഷാജി ഒരു വർഷത്തിലധികമായി എറണാകുളം ജില്ലയിലെ പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ രണ്ട് കിലോഗ്രാമിലധികം ഹാഷിഷ് ഓയിൽ പിടികൂടിയ കേസിൽ അടിമാലിയിൽ നിന്നും ഒളിവിൽ പോയതാണ്. എന്നാൽ കർണാടക കേന്ദ്രീകരിച്ച് ആന്ധ്രയിൽ നിന്നും വൻതോതിൽ കേരളത്തിലേക്ക് കഞ്ചാവ് കടത്തുന്നു എന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഷാജിയെ കഴിഞ്ഞ ഏതാനും ദിവസങ്ങളായി താമരശ്ശേരി ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള ക്രൈം സ്ക്വാഡ് അംഗങ്ങൾ നിരീക്ഷിച്ചുവരുന്നതിനിടയിൽ KL14 H3001 നമ്പർ ഹോണ്ട സിറ്റി കാറിൽ കഞ്ചാവ് കടത്തികൊണ്ട് വരുന്നുണ്ടെന്ന രഹസ്യവിവരം ലഭിക്കുകയായിരുന്നു. ആന്ധ്രയിലെ അരാക്കു, നരസിംഗപട്ടണം എന്നിവിടങ്ങളിൽ നിന്നും വൻതോതിൽ കഞ്ചാവ് കടത്തിക്കൊണ്ടു വന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിൽപന നടത്തി വരികയായിരുന്നു ഒളിവിൽ കഴിഞ്ഞിരുന്ന ഷാജി. വർഷങ്ങളായി ഇത്തരത്തിൽ കാറിൻറെ രഹസ്യഅറയിൽ ഒളിപ്പിച്ച് കഞ്ചാവ് കേരളത്തിലേക്ക് കടത്തിയിട്ടുണ്ടെന്ന് ചോദ്യംചെയ്യലിൽ പ്രതികൾ പോലീസിനോട് സമ്മതിച്ചിട്ടുണ്ട്. ലോക്സഭ ഇലക്ഷനോടനുബന്ധിച്ച് ആന്ധ്ര, കർണാടക എന്നീ സംസ്ഥാനങ്ങളിലെ കർശന പരിശോധനകൾ മറികടന്നാണ് കഞ്ചാവ് കേരളത്തിലെത്തിച്ചത്. കാറിന്റെ പിൻസീറ്റിനു പിറകിലായി നിർമ്മിച്ച

രഹസ്യഅറയിൽ ആയിരുന്നു കഞ്ചാവ് സൂക്ഷിച്ചിരുന്നത്. പിടികൂടിയ കഞ്ചാവിന് വിപണിയിൽ ഏകദേശം 35 ലക്ഷത്തോളം രൂപ വില വരും. പ്രതികളിലൊരാളായ സുനിലിനെ പാലക്കാട് ജില്ലയിൽ 110 കിലോ കഞ്ചാവുമായി പിടികൂടിയതിന് കേസ് നിലവിലുണ്ട്. കോഴിക്കോട് ജില്ലയിൽ ഒരുവർഷത്തിനിടയിൽ 150 കിലോഗ്രാം കഞ്ചാവ് ജില്ലാപോലീസ് മേധാവിയുടെ ക്രൈം സ്ക്വാഡ് അംഗങ്ങളുടെ സഹായത്തോടുകൂടി പിടികൂടിയിട്ടുണ്ട്. ആറു മാസങ്ങൾക്ക് മുമ്പ് റൂറൽ ജില്ലയിൽ മുക്കത്ത് ആന്ധ്രയിൽ നിന്ന് കാറിൽ കടത്തികൊണ്ട് വന്ന 50 കിലോഗ്രാം കഞ്ചാവ് പിടികൂടിയിരുന്നു. പ്രതികളെ കൂടുതൽ ചോദ്യം ചെയ്തതിനു ശേഷം താമരശ്ശേരി കോടതിയിൽ ഹാജരാക്കുമെന്ന് ജില്ലാ പോലീസ് മേധാവി U അബ്ദുൽകരീം ഐപിഎസ് മാധ്യമങ്ങളോട് പറഞ്ഞു.

താമരശ്ശേരി ഡിവൈഎസ്പി EP പൃഥ്വിരാജിന്റെ നേതൃത്വത്തിൽ താമരശ്ശേരി എസ്ഐ KA ഷറഫുദ്ദീൻ, ഡിവൈഎസ്പിയുടെ ക്രൈംസ്ക്വാഡ് അംഗങ്ങളായ എഎസ്ഐ രാജീവ് ബാബു, സീനിയർ സിവിൽ പോലീസ് ഓഫീസർ ഷിബിൽ ജോസഫ്, സിവിൽ പോലീസ് ഓഫീസർ ഷെഫീഖ് നീലിയാനിക്കൽ, മുക്കം പോലീസ് സ്റ്റേഷനിലെ എഎസ്ഐ ബേബിമാത്യു, സിവിൽ പോലീസ് ഓഫീസർ ജിനേഷ് കുര്യൻ എഎസ്ഐ KM ജോർജ്, സീനിയർ സിവിൽ പോലീസ് ഓഫീസർ ജയപ്രകാശ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്



**പിടിയിലായ പ്രതികൾ**